ഐ.ആർ.സി. തീരുമാനം തൃശൂർ ജില്ലയ്ക്ക് മാത്രമേയുള്ളൂ. വേറെ ഒരൊറ്റ ജില്ലയിലുമില്ല. *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)* പിന്നെ തെങ്ങിനു മുഴുവൻ രോഗമാണ്. കള്ള് ചെത്താൻ തെങ്ങില്ല. അപ്പോൾ കള്ള് ധാരാളം ചെത്തുന്ന സ്ഥലത്തു നിന്ന് കൊണ്ട് വരുകയാണ് ചെയ്യുന്നത്. അതിൽ മായങ്ങൾ പലതുമുണ്ട്. "One Rupee per Litre Per Day" കള്ളിന് ട്രാൻസ്പോർട്ട് ലൈസൻസ് പെർമിറ്റുണ്ട്. അത് വച്ചാണ് കള്ള് കൊണ്ടുവരുന്നത്. അങ്ങനെയാണ് നടക്കുന്നത്. ഏതായാലും തൃശൂർ ജില്ലാ കളക്ടർ ഇപ്പോൾ ചെയ്യുന്നത്, കോൺട്രാക്ടർമാരോടും തൊഴിലാളികളുടെ പ്രതിനിധികളോടും ചർച്ചകൾ നടത്തി ഒരു യോജിപ്പിലെത്തിക്കാൻ കഴിയുമോ എന്ന് നോക്കുകയാണ്. അദ്ദേഹത്തിന് നിർബന്ധിപ്പിക്കാനൊന്നും കഴിയുകയില്ല. ഐ.ആർ.സി. യിൽ നിന്ന് he cannot go back. ചർച്ചകൾ നടത്തി അവിടത്തെ ചെത്തു വ്യവസായം രക്ഷിക്കാൻ ഇനി അഞ്ചാറു മാസങ്ങളേയുള്ളൂ. അത് ഭംഗിയായി കൊണ്ടുനടത്താൻ എല്ലാവരുടേയും സഹകരണം ആവശ്യമാണ്. ആ രീതിയിൽ ചർച്ചകൾ അദ്ദേഹം നടത്തുന്നുണ്ട്. ആ ചർച്ചകൾ നടത്തി അദ്ദേഹം പരാജയപ്പെട്ടാൽ പ്രൊപ്പോസൽസ് വല്ലതും ഉണ്ടെങ്കിൽ, he is the District Abkari Officer. അദ്ദേഹത്തിന് ആ പ്രൊപ്പോസൽസ് ഗവണ്മെന്റിന് അയയ്ക്കാം. ഗവണ്മെന്റ് അത് പരിശോധിക്കും. പരിശോധിച്ച് ഈ വ്യവസായ സംരക്ഷണത്തിനും തൊഴിലാളികളുടെ സംരക്ഷണത്തിനും ഉതകുന്ന രീതിയിലുള്ള യുക്തമായ തീരുമാനം താമസംവിനാ എടുക്കുന്നതാണ്.

<u>ശ്രീ. യു.എസ്. ശശി</u> : ഷാപ്പുകൾ ആരും ഏറ്റെടുക്കാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ തൊഴിലാളികൾ നടത്തുന്ന സഹകരണസംഘങ്ങൾ അതിന് തയ്യാറാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുന്നോട്ടു വന്നിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ തൊഴിലാളികളെ ഏൽപ്പിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഷാപ്പുകൾ ആരും എടുക്കാനില്ലാത്ത സാഹചര്യം വന്നു കഴിഞ്ഞാൽ സഹകരണ സംഘങ്ങളെ ഏൽപ്പിച്ചാൽ പിന്നെ എന്തായി എന്ന കഥയിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ ആരും എടുക്കുന്നില്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘം ഉണ്ടാക്കി അതിനെ ഏൽപ്പിക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ഗവണ്മെന്റ് ഒരു വാതിലും ഒരു പ്രശ്നത്തിനു നേരെയും അടയ്ക്കുന്നില്ല. We have got an open mind. അതാണ് പരിഹാരമെങ്കിൽ ആ പരിഹാരത്തിന് ഗവണ്മെന്റിന് നിഷേധാത്മകമായ ഒരു സമീപനമല്ല. അതുൾപ്പെടെയുള്ള കാര്യങ്ങൾ ഗവണ്മെന്റ് ചർച്ച ചെയ്ത് we will decide on merits. ഏതാണ് ഏറ്റവും നല്ലതെന്ന്.

ക്രമപ്രശ്നം

വസ്തുതാപരമായ കാര്യങ്ങൾ ബോധപൂർവ്വം മറച്ചുവച്ച് സഭയോട് അനാദരവു കാണിച്ചു എന്നതു സംബന്ധിച്ച്

<u>ശ്രീ. ടി.എം. ജേക്കബ്</u> : ഈ സഭയിൽ സബ്മിഷൻസും ക്വസ്റ്റ്യൻസും അങ്ങയുടെ അനുവാദത്തോടുകൂടിയാണ് ഉന്നയിക്കുന്നത്. അങ്ങ് അനുവദിച്ചാലേ ഉന്നയിക്കാൻ പറ്റൂ. മിനിസ്റ്റേഴ്സ് എന്തു മറുപടി പറയണം, എങ്ങനെ പറയണമെന്ന് അങ്ങേയ്ക്ക് ഇൻസിസ്റ്റു ചെയ്യാൻ സാദ്ധ്യമല്ല. പക്ഷേ വസ്തുതാപരമായിട്ട് കാര്യങ്ങൾ വളരെ ബോധപൂർവം സഭയിൽ മറച്ചു വയ്ക്കുന്നത് അനാദരവാണ്. അത് അംഗങ്ങൾക്ക് കിട്ടാത്ത ഒരു പ്രൊട്ടക്ഷനാണ്. ഞാൻ പറയാൻ ഉദ്ദേശിച്ചത്, ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് ശങ്കരംകുളം

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സ്റ്റേഷനിൽ ഉണ്ടായ ഒരു വിഷയത്തെക്കുറിച്ച് പറഞ്ഞു. അതിൽ അദ്ദേഹം ഐ.പി.സി. 452 തുടങ്ങിയ ചില വകുപ്പുകളെക്കുറിച്ച് പറഞ്ഞു. മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ അങ്ങനെയൊരു വകുപ്പില്ലായെന്ന് പറഞ്ഞു. ക്രൈം നമ്പർ ,106, 107 അതാണ് ഐ.പി.സി. വകുപ്പ് എന്ന് പറഞ്ഞു. മുഖ്യമന്ത്രി വളരെ പരിചയസമ്പന്നനായ ഒരു ഭരണാധികാരി കൂടിയാണ്. അദ്ദേഹത്തിന് ഇൻഡ്യൻശിക്ഷാ നിയമത്തിലെ വകുപ്പുകളെല്ലാം അറിയണമെന്നില്ല. പക്ഷെ ഇൻഡ്യൻ ശിക്ഷാനിയമം എന്താണെന്നും ക്രൈം നമ്പർ എന്താണെന്നും അദ്ദേഹത്തിന് അറിയാം. അപ്പോൾ വളരെ ബോധപൂർവം ഇവിടെ ഡിബേറ്റ് വന്നതിനുശേഷവും അത് മറച്ചു വച്ചു. അങ്ങ് മുഖ്യമന്ത്രിയാണ്. ഇഷ്ടമുള്ളത് പറയാം. ഐ.പി.സി. യെന്ന് പറയുന്നത് ശരിയല്ലെന്ന് ഒരു മെമ്പറോട് ഇവിടെ തർക്കിച്ചശേഷം ഐ.പി.സി. ക്രൈം നമ്പറാണെന്ന് നിയമസഭയിൽ പറയുന്നത് ഓർഡറിലാണോ? ആ നിലയിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിൽ ഞങ്ങളുടെ പ്രൊട്ടക്ഷൻ ഞങ്ങൾക്ക് ആവശ്യമാണ്.

മി. സ്പീക്കർ : അങ്ങനെ പറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി.എം. ജേക്കബ് : ഇന്നലെ ഇവിടെ പറഞ്ഞു. അങ്ങേയ്ക്ക് പ്രൊസീഡിംഗ്സ് പരിശോധിക്കാം. ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് ഐ.പി.സി. യിലെ ഇന്നയിന്ന സെക്ഷൻസ് പ്രകാരം കേസെടുത്തിട്ടുണ്ടെന്ന് പറഞ്ഞു. അതിനകത്ത് ഭവനഭേദനം എന്നു പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെയൊരു വകുപ്പില്ലെന്ന്. അദ്ദേഹം ക്രൈം നമ്പർ 106 ഉം 107 ഉം ആണ് പറഞ്ഞത്. അത് പരിശോധിക്കണം.

മി. സ്പീക്കർ : മുഖ്യമന്ത്രിക്കുവേണ്ടി കൂടി ഞാൻ അത് പരിശോധിക്കാം.

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെയാണെങ്കിൽ പറയാം. ഐ.പി.സി. 452 ഇല്ലെന്ന്. അതിൽ ഞങ്ങൾക്ക് തർക്കമൊന്നുമില്ല. പക്ഷേ ഐ.പി.സി. യെന്നു പറയുന്നതും ക്രൈം നമ്പറും ഒന്നാണോ? അതാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്.

മുഖ്യമന്ത്രി ; ഐ.പി.സി. ഇല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെ പറഞ്ഞു.

മി. സ്പീക്കർ : ഞാൻ മുഖ്യമന്ത്രിക്കുവേണ്ടി പരിശോധിക്കാം. അതിൽ ഒരു ഡിബേറ്റിന്റെ കാര്യമേയില്ല.

IV. സബ്മിഷൻ

(1) മഞ്ചേശ്വരത്ത് കൃഷ്ണൻ എന്നയാളുടെ ഭാര്യയെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച്

ശ്രീ. ചെർക്കളം അബ്ദുള്ള : മഞ്ചേശ്വരം പോലീസിന് എതിരായി, ഒരു സമൂഹത്തിന് നീതി ലഭിക്കാത്ത ഒരു പ്രധാനപ്പെട്ട പ്രശ്നത്തെ സംബന്ധിച്ചാണ് ബഹു. മന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. മഞ്ചേശ്വരം കടംപാറിനടുത്ത് കോടിച്ചാലിൽ താമസിക്കുന്ന കൃഷ്ണന്റെ ഭാര്യ പട്ടികജാതിക്കാരി ശ്രീമതി എം. മണിയെ 16.6.99-ന് മഞ്ചേശ്വരം പോലീസ് സബ് ഇൻസ്പെക്ടറും രണ്ട് ഹെഡ്കോൺസ്റ്റബിൾമാരും ഒരു കോൺസ്റ്റബിളും യാതൊരു പ്രകോപനവുമില്ലാതെ അകാരണമായി വീട്ടിൽ കയറി ആക്രമിക്കുകയും അസഭ്യങ്ങൾ വിളിക്കുകയും ബലാൽക്കാരമായി ഭർത്താവുപോലും വീട്ടിൽ ഇല്ലാത്ത നേരത്ത് ജീപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly